"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്ട്രിബ്യൂണൽ മുമ്പാകെ ശ്രീ. പ്രദീപൻ കാരായി ഫയൽ ചെയ്ത OA(EKM) No. 840/2023 നമ്പർ കേസിന്റെ 30.10.2023 ലെ ഉത്തരവ് നടപ്പിലാക്കിയത്-ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.136/2024/F&WLD തീയതി,തിരുവനന്തപുരം, 15-03-2024.

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 840/2023 നമ്പർ കേസിൻമേലുള്ള 30.10.2023 ലെ ഉത്തരവ്.
2. 13.02.2024 ലെ സ.ഉ. (സാധാ) നം. 80/2024/വനം നമ്പർ ഉത്തരവ്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.02.2024 ലെ ഇ4/4039/2023 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. പ്രദീപൻ കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റുന്നതിനും, പ്രായമായ അമ്മയുടെ സംരക്ഷണത്തിന് ജവാനായ സഹോദരനും നാട്ടിലില്ല എന്നത് പരിഗണിച്ച്, ടിയാനെ കണ്ണൂർ ജില്ലയിൽ തന്നെ നിയമിക്കുന്നതിനും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ വകുപ്പിനും ജീവനക്കാർക്കും നേരിടാൻ സാദ്ധ്യതയുണ്ടെന്ന് പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുകയുണ്ടായി. ശ്രീ പ്രദീപൻ കാരായിയെ കണ്ണൂർ ജില്ലയിൽ തന്നെ സ്ഥലംമാറ്റി നിയമിക്കുന്നതിന് രണ്ട് ഓഫീസുകൾ മാത്രമാണുള്ളത്. സ്ഥലം മാറ്റാൻ കഴിയുന്ന കണ്ണവം ഡിപ്പോയിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഒരു വർഷവും അഞ്ച് മാസവും, RRT ആറളത്തെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എട്ട് മാസവും മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പൊതു സ്ഥലം മാറ്റം ഓൺലൈൻ മുഖേനയാണ് നടത്തുന്നത്. അതിനു മൂന്ന് വർഷം പൂർത്തിയായാൽ മാത്രമേ കഴിയൂ. നിലവിൽ രണ്ടു പേരെ പരസ്പരം സ്ഥലംമാറ്റിയാൽ സാധാരണ ഗതിയിൽ 3 വർഷത്തേക്ക് രണ്ടുപേർക്ക് ജില്ല വിട്ട് സ്ഥലംമാറ്റം നൽകാൻ കഴിയില്ല. ജില്ലയ്ക്ക് പുറത്ത് ജോലിചെയ്യുന്ന കണ്ണൂർ ജില്ലയിലെ ജീവനക്കാർക്ക് കണ്ണൂരിലേക്ക് സ്ഥലംമാറ്റം ലഭിക്കാനുള്ള സാദ്ധ്യതയും ഇതുവഴി ഇല്ലാതാകുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശിത കത്തിൽ വിവരിച്ചിട്ടുള്ള

സാഹചര്യം പരിഗണിച്ച്, കണ്ണൂർ ജില്ലയിൽ ഒഴിവ് വരുന്നില്ലെങ്കിൽ ശ്രീ. പ്രദീപൻ കാരായിക്ക് സമീപ ജില്ലകളായ കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ വരുന്ന ഒഴിവിൽ നിയമനം നൽകുന്നത് പരിഗണിക്കുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. പ്രദീപൻ കാരായി, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ, ആറളം വൈൽഡ് ലൈഫ് ഡിവിഷൻ, ആറളം, കണ്ണൂർ- 670 674.
ശ്രീ. ഷജീവ്.കെ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, കൊട്ടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ, എടവണ്ണ റേഞ്ച്, നിലമ്പൂർ നോർത്ത് ഡിവിഷൻ, മലപ്പുറം-676 541.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 15-03-2024 16:32:50